**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3142** **14-02-2024 - ൽ മറുപടിയ്ക്ക്**

**കിഫ്‌ബി പദ്ധതിയിലുൾപ്പെട്ട മഞ്ചേരി കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്‌ബി പദ്ധതിയിലുൾപ്പെട്ട മഞ്ചേരി കുടിവെള്ള പദ്ധതിയിൽ ചെരണിയിലേക്കുള്ള പമ്പിംഗ് ലൈൻ സ്ഥാപിക്കൽ, പഴയ എ.സി. പൈപ്പുകൾ മാറ്റൽ എന്നീ പ്രവൃത്തികളുടെ കരാർതുക, കാലാവധി, പൂർത്തിയാക്കേണ്ട പ്രവൃത്തികളുടെ വിശദാംശം എന്നിവ ലഭ്യമാക്കാമോ; | (എ) | 1. കിഫ്‌ബി പദ്ധതിയിൽ ഉൾപ്പെട്ട മഞ്ചേരി സബർബൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി ചെരണി സമ്പ് മുതൽ ചെരണി ഒ.എച്ച്.എസ്.ആർ വരെയുള്ള പമ്പിംഗ് മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തി ഉൾപ്പെടെയുള്ള പാക്കേജ് 2 പ്രവൃത്തിയുടെ കരാർ തുക 35.31 കോടി രൂപയും പ്രവർത്തന കാലാവധി 18 മാസവും ആണ്. ഇതിൽ ചെരണി സമ്പ് മുതൽ ചെരണി ഒ.എച്ച്.എസ്.ആർ വരെയുള്ള പമ്പിംഗ് മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയിൽ ബാക്കിയുള്ള വിതരണ ശൃംഖല സ്ഥാപിക്കൽ, റോഡ് പുനരുദ്ധാരണ പ്രവൃത്തി, ലാസ്റ്റ് മൈൽ കണക്റ്റിവിറ്റി, ഡെഡിക്കേറ്റഡ് ഇലക്ട്രിസിറ്റി ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി നിലവിലുള്ള ശുദ്ധീകരണശാലയുടെ പുനരുദ്ധാരണം എന്നീ പ്രവൃത്തികൾ അവശേഷിക്കുന്നു.<br><br>2. മഞ്ചേരി മുനിസിപ്പാലിറ്റിയിലെ പഴയ എ.സി പൈപ്പുകൾ മാറ്റി ഡി.ഐ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ കരാർ തുക 13.66 കോടി രൂപയാണ്. പ്രവർത്തന കാലാവധി 12 മാസവുമാണ്. ഈ പ്രവൃത്തിയിൽ ആകെ സ്ഥാപിക്കേണ്ട 33946 മീറ്റർ പൈപ്പുകളിൽ 25582.80 മീറ്റർ പൈപ്പ് ഇതിനോടകം സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി എത്രത്തോളം പൂർത്തിയായിട്ടുണ്ടെന്നും ബാക്കി എന്നത്തേക്ക് പൂർത്തിയാവുമെന്നും വ്യക്തമാക്കുമോ; മാറ്റിസ്ഥാപിച്ച പൈപ്പുകളിലൂടെ ജലവിതരണം ആരംഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | 1. മഞ്ചേരി സബർബൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായ പാക്കേജ് 2 പ്രവൃത്തിയുടെ 35% ത്തോളം പൂർത്തീകരിച്ചിട്ടുണ്ട്. ബഹു. കേരള ഹൈക്കോടതിയിൽ നിലവിൽ കേസ് നിലനിൽക്കുന്നതിനാൽ, കേസിൽ വിധി വരുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.<br><br>2. എ.സി പൈപ്പ് മാറ്റി ഡി.ഐ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിയിൽ ഇതുവരെ 75 ശതമാനത്തോളം |

| | | | |
|---|---|---|---|
| | | | പൂർത്തീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിൽ നിന്നുള്ള റോഡ് കട്ടിംഗ് പെർമിഷൻ ലഭ്യമാകുന്ന മുറക്ക് ബാക്കിയുള്ള പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. മാറ്റി സ്ഥാപിച്ച പൈപ്പുകളിലൂടെ ജലവിതരണം ആരംഭിച്ചിട്ടുണ്ട്. |
| (സി) | പൂർത്തീകരിച്ച പ്രവൃത്തിക്കുള്ള പാർട്ട് ബിൽ തുക കരാറുകാരന് നൽകിയിട്ടുണ്ടോയെന്നും എങ്കിൽ എത്ര തുകയാണ് നൽകിയതെന്നും വിശദമാക്കുമോ; | (സി) | ഉണ്ട്. മഞ്ചേരി സബർബൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായ പാക്കേജ് 2 ൽ കരാറുകാരന് 8.60 കോടി രൂപയുടെയും, മഞ്ചേരി മുനിസിപ്പാലിറ്റിയിലെ പഴയ എ.സി പൈപ്പ് മാറ്റി ഡി.ഐ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിയിൽ കരാറുകാരന് 10.62 കോടി രൂപയുടെയും ബില്ലുകൾ പാസ്സാക്കി നൽകിയിട്ടുണ്ട്. |
| (ഡി) | കരാറുപ്രകാരമുള്ള പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കരാറുകാരന്റെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കരാറുകാരനെതിരെ നിയമ നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | 1. മഞ്ചേരി സബർബൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായ പാക്കേജ് 2 പ്രവൃത്തിയിൽ ബഹു. കേരള ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നുണ്ട്.<br>2. മഞ്ചേരി മുനിസിപ്പാലിറ്റിയിലെ പഴയ എ.സി പൈപ്പ് മാറ്റി ഡി.ഐ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിയിൽ പൊതുമരാമത്ത് വകുപ്പിൽ നിന്നുള്ള റോഡ് കട്ടിംഗ് പെർമിഷൻ ലഭ്യമായ എല്ലാ റോഡുകളിലും കരാറുകാരൻ പൈപ്പ് ലൈൻ സ്ഥാപിക്കുകയും റോഡ് റെസ്റ്റോറേഷൻ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ